എ.വൈ.ആർ

### സൂറ-10

# യൂനുസ്

إِنَّ ٱللَّهَ لَا يَظْلِمُ ٱلنَّاسَ شَيْـًٔا وَلَـٰكِنَّ ٱلنَّاسَ أَنفُسَهُمْ يَظْلِمُونَ ﴿٤٤﴾

44 അല്ലാഹു മനുഷ്യരോട് യാതൊരനീതിയും ചെയ്യുന്നില്ല എന്നതത്രെ സത്യം, പ്രത്യുത മനുഷ്യരോട് അനീതി ചെയ്തുകൊണ്ടിരിക്കുന്നത് മനുഷ്യർ തന്നെയാകുന്നു.

وَيَوْمَ يَحْشُرُهُمْ كَأَن لَّمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّنَ ٱلنَّهَارِ يَتَعَارَفُونَ بَيْنَهُمْ ۚ قَدْ
خَسِرَ ٱلَّذِينَ كَذَّبُوا۟ بِلِقَآءِ ٱللَّهِ وَمَا كَانُوا۟ مُهْتَدِينَ ﴿٤٥﴾

45 നാം അവരെയെല്ലാം ഒരുമിച്ചുകൂട്ടുന്ന നാളിൽ, ഒരു നാഴിക പകൽസമയമല്ലാതെ ഭൗതിക ലോകത്ത് പാർത്തിട്ടില്ലാത്ത പോലെ അവർക്കുതോന്നും. അവർ പരസ്പരം തിരിച്ചറിയുന്നു. അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെ തള്ളിപ്പറഞ്ഞവർ തീർച്ചയായും മഹാനഷ്ടത്തിലകപ്പെട്ടിരിക്കുന്നു. അവർ ഒരിക്കലും സന്മാർഗം പ്രാപിച്ചവരായിരുന്നില്ല.

وَإِمَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا
مَرْجِعُهُمْ ثُمَّ ٱللَّهُ شَهِيدٌ عَلَىٰ مَا يَفْعَلُونَ ﴿٤٦﴾

46 നാം അവരെ താക്കീതു ചെയ്യുന്ന ചിലത് നിന്റെ ജീവിത കാലത്തു തന്നെ കാണിച്ചു തന്നേക്കാം. അല്ലെങ്കിൽ അതിനുമുമ്പേ നിന്റെ ജീവിതം നാം പൂർണമാക്കിയെന്നും വരാം. എന്തായാലും നമ്മിലേക്കു തന്നെയാണവരുടെ മടക്കം. പിന്നെ അവർ ചെയ്തുകൊണ്ടിരിക്കുന്നതിനൊക്കെയും അല്ലാഹു സാക്ഷിയാകുന്നു.

إِنَّ ٱللَّهَ لَا يَظْلِمُ= നിശ്ചയം അല്ലാഹു അനീതി ചെയ്യുകയില്ല ٱلنَّاسَ= മനുഷ്യരോട് شَيْـًٔا= യാതൊന്നും

وَلَـٰكِنَّ ٱلنَّاسَ= പ്രത്യുത മനുഷ്യർ(ആണ്) أَنفُسَهُمْ= സ്വയം(തന്നെ)അവരോട് يَظْلِمُونَ= അനീതി ചെയ്തുകൊണ്ടിരിക്കുന്നു(ന്നത്)

وَيَوْمَ يَحْشُرُهُمْ= നാം അവരെ ഒരുമിച്ചുകൂട്ടുന്ന നാൾ

كَأَن لَّمْ يَلْبَثُوٓا۟= (ഭൗതികലോകത്ത്) പാർത്തിട്ടില്ലാത്തതുപോലെ(അവർക്കു തോന്നും)

إِلَّا سَاعَةً= ഒരു മണിക്കൂർ, നാഴിക നേരം അല്ലാതെ مِّنَ ٱلنَّهَارِ= പകലിൽനിന്ന് يَتَعَارَفُونَ= അവർ തിരിച്ചറിയുന്നു, പരിചയപ്പെടുന്നു

بَيْنَهُمْ= അവർക്കിടയിൽ, പരസ്പരം قَدْ خَسِرَ= തീർച്ചയായും നഷ്ടപ്പെട്ടു (മഹാനഷ്ടത്തിലകപ്പെട്ടിരിക്കുന്നു)

ٱلَّذِينَ كَذَّبُوا۟= തള്ളിപ്പറഞ്ഞവർ بِلِقَآءِ ٱللَّهِ= അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെ

وَمَا كَانُوا۟ مُهْتَدِينَ= അവർ (ഒരിക്കലും) സന്മാർഗം പ്രാപിച്ചവർ ആയിരുന്നില്ല وَإِمَّا نُرِيَنَّكَ= ഒന്നുകിൽ നാം നിന്നെ കാണിച്ചേക്കാം

بَعْضَ= ചിലത് ٱلَّذِى نَعِدُهُمْ= നാം അവരെ താക്കീതു ചെയ്യുന്ന

أَوْ نَتَوَفَّيَنَّكَ= അല്ലെങ്കിൽ നാം നിന്നെ പൂർത്തിയാക്കും(അതിനു മുമ്പ് നിന്റെ ജീവിതം പൂർണമാക്കിയേക്കാം)

فَإِلَيْنَا= അപ്പോൾ(എന്തായാലും) നമ്മിലേക്ക്(തന്നെ)ആകുന്നു مَرْجِعُهُمْ= അവരുടെ മടക്കം ثُمَّ= പിന്നെ

اللَّهُ شَهِيدٌ= അല്ലാഹു സാക്ഷിയാകുന്നു عَلَىٰ مَا يَفْعَلُونَ= അവർ ചെയ്തുകൊണ്ടിരിക്കുന്നതിന്മേൽ(ഒക്കെയും)

**44:** ആളുകൾ യാഥാർഥ്യങ്ങളോട് അന്ധരായി വർത്തിക്കുകയും തൽഫലമായി പരലോകത്ത് ശിക്ഷാർഹരായിത്തീരുകയും ചെയ്യുന്നതും, ഈ ലോകത്ത് ഇഷ്ടപ്പെട്ട് ചെയ്യുന്ന പല കർമങ്ങൾക്കും തിക്തമായ ഫലം അനുഭവിക്കേണ്ടിവരുന്നതും അല്ലാഹു മനുഷ്യരോട് അനീതി ചെയ്യുന്നതുകൊണ്ടല്ല. സമ്പൂർണ നീതിയിലധിഷ്ഠിതമാണ് അല്ലാഹുവിന്റെ നിയമങ്ങൾ. പ്രപഞ്ചത്തിലെ സകലചരാചരങ്ങളും സൃഷ്ടിക്കപ്പെടുന്നതും നിലനിർത്തപ്പെടുന്നതും നീതിയുടെ അടിസ്ഥാനത്തിലാണ്. ചില സൃഷ്ടികൾ പ്രകൃത്യാ ദൈവികനീതി പാലിച്ചു വാഴുന്നു. ചില സൃഷ്ടികളുടെ പ്രകൃതിയിൽ നീതിലംഘിക്കാനുള്ള ശക്തിയുണ്ട്. മനുഷ്യൻ അത്തരത്തിലൊരു ജീവിയാണ്. അതുകൊണ്ട് അവനെ അല്ലാഹു നീതിയേത്, അനീതിയേത് എന്നു പഠിപ്പിക്കുകയും നൈതിക നിയമങ്ങൾ അനുശാസിക്കുകയും ചെയ്തിരിക്കുന്നു. ആ നിയമങ്ങൾ അനുസരിച്ചാലുള്ള നേട്ടവും ധിക്കരിച്ചാലുള്ള കോട്ടവും അവനുതന്നെ. ദൈവം മനുഷ്യനോട് ഏകദൈവത്തിൽ വിശ്വസിക്കണമെന്നും അവനുമാത്രം അടിമപ്പെടണമെന്നും അനുശാസിച്ചു. കാരണം അതാണ് സത്യം. സ്രഷ്ടാവായ അല്ലാഹു മാത്രമാണ് അവന്റെ ഉടമയും വിധാതാവും. അല്ലാഹുവിൽമാത്രം വിശ്വസിക്കുക എന്ന ശാസന അനുസരിക്കുന്നതിലൂടെ മനുഷ്യൻ മറ്റെല്ലാ കൃത്രിമ ദൈവങ്ങളുടെയും അടിമത്തത്തിൽനിന്നും ആരാധനയിൽനിന്നും സ്വതന്ത്രനാകുന്നു. അതുവഴി അവൻ അവനോട് തന്നെ, തന്നെപ്പോലെയോ തന്നെക്കാൾ നീചമോ ആയ ശക്തികളുടെ അടിമയും ആരാധകനുമാകുക എന്ന അനീതി ചെയ്യുകയാണ്. മോഷണം നിഷിദ്ധമാക്കിയതിലൂടെ അന്യരുടെ മുതൽ അല്ലാഹു നിങ്ങൾക്കു വിലക്കിയിരിക്കുന്നു. അതുവഴി മറ്റെല്ലാ മുതലുടമകൾക്കും അവരുടെ മുതലിന്മേലുള്ള ന്യായമായ അവകാശം സുരക്ഷിതമാക്കുക മാത്രമല്ല അവൻ ചെയ്തിരിക്കുന്നത്; പ്രത്യുത മറ്റെല്ലാവർക്കും നിങ്ങളുടെ മുതൽ വിലക്കുകയും എല്ലാവരുടെയും അതിക്രമത്തിൽനിന്ന് നിങ്ങളുടെ മുതലിനെ സുരക്ഷിതമാക്കുകയും കൂടിയാണ്. അതിനാൽ മോഷ്ടിക്കരുത് എന്ന നിയമം ലംഘിക്കുമ്പോൾ യഥാർഥത്തിൽ നിങ്ങൾ ഹനിക്കുന്നത് നിങ്ങളുടെ താൽപര്യം തന്നെയാണ്.

അല്ലാഹു മനുഷ്യരെ വിശിഷ്ടമായ കഴിവുകളും യോഗ്യതകളും കൊണ്ടലങ്കരിച്ചിരിക്കുന്നു. അവയെ ശരിയാംവണ്ണം പ്രയോജനപ്പെടുത്തുകയാണെങ്കിൽ പ്രവാചക സന്ദേശങ്ങളും വേദപ്രമാണങ്ങളുമെല്ലാം സ്വന്തം മനഃസാക്ഷിയുടെ ശബ്ദങ്ങളായി കേൾക്കാൻ കഴിയും. പക്ഷേ ആളുകൾ ആസക്തികളുടെയും വികാരങ്ങളുടെയും പിന്നാലെ അന്ധരായി പായുമ്പോൾ സത്യത്തിന്റെയും ധർമത്തിന്റെയും സ്വരങ്ങളെല്ലാം അവർക്ക് അന്യവും അരോചകവുമായി തോന്നുന്നു. അതു സ്വീകരിക്കുന്നതിനു പകരം തള്ളിക്കളയാൻ ബദ്ധപ്പെടുന്നു. തങ്ങളുടെ ആഗ്രഹങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും വിലങ്ങാകുന്ന ധാർമിക-സദാചാര നിയമങ്ങളും ചട്ടങ്ങളും ദൈവികമാണെങ്കിൽ ദൈവം തങ്ങളോട് അനീതി കാണിക്കുകയാണെന്ന് ജൽപിക്കുന്നു. എന്നാൽ, ദൈവിക വ്യവസ്ഥയിൽ നടത്തുന്ന ഏതു നിയമലംഘനവും മനുഷ്യൻ തന്നോടുതന്നെ ചെയ്യുന്ന അനീതിയും അക്രമവുമാകുന്നു എന്നതത്രെ സത്യം.

**45:** كَأَنَّهُمْ لَمْ يَلْبَثُوٓا۟ എന്നതിന്റെ ലഘൂകൃത രൂപമാണ് كَأَن لَّمْ يَلْبَثُوٓا۟ . ഇഹലോകത്ത് വളരെ തുഛസമയം മാത്രം വസിച്ചിട്ടുള്ളവർക്ക് തുല്യരായി അഥവാ അങ്ങനെ അവർക്കു തോന്നുന്നവണ്ണമായിരിക്കും അവരെ പരലോകത്ത് സമ്മേളിപ്പിക്കുക എന്ന് താൽപര്യം. ചിലരുടെ വീക്ഷണത്തിൽ, ഖബറിൽ തുഛമായ സമയം മത്രമേ കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്ന് അവർക്ക് തോന്നുമെന്നാണർഥം. മണിക്കൂറ്, നാഴിക എന്നീ അർഥത്തിലും സമയമാപിനി, ഘടികാരം എന്ന അർഥത്തിലും ഉപയോഗിക്കുന്ന പദമാണ് سَاعَة. ലോകാവസാനനാളിനെ ഉദ്ദേശിച്ചും ഖുർആൻ പലയിടത്തും الساعة എന്നുപയോഗിച്ചിട്ടുണ്ട്. ഇവിടെ അർഥം മണിക്കൂറ്, നാഴിക എന്നാണ്. പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോൾ കഴിഞ്ഞുപോയ ഐഹിക ജന്മം വളരെ ക്ഷണികമായിരുന്നുവെന്ന് മനുഷ്യർക്ക് ബോധ്യപ്പെടുമെന്ന് ഖുർആൻ ആവർത്തിച്ചുണർത്തുന്നുണ്ട്.

كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن نَّهَارٍۭ

(വാഗ്ദത്തദിനത്തെ കാണുമ്പോൾ, തങ്ങൾ ഇഹത്തിൽ ഒരു നാഴിക പകൽ മാത്രമേ വസിച്ചിട്ടുള്ളൂ എന്ന് അവർക്ക് തോന്നും – 46:35).

كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوٓا۟ إِلَّا عَشِيَّةً أَوْ ضُحَىٰهَا

(ആ നാളിനെ കാണുമ്പോൾ ഇഹലോകത്ത് ഒരു പ്രദോഷമോ പ്രഭാതമോ മാത്രമേ വസിച്ചിട്ടുള്ളൂ എന്ന് അവർക്ക് തോന്നും –79:46).

وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ

(അന്ത്യനാൾ നിലവിൽ വരുമ്പോൾ പാപികൾ ഒരു നാഴിക നേരമേ ഭൂമിയിൽ വസിച്ചിട്ടുള്ളൂ എന്ന് സത്യം ചെയ്തുകൊണ്ടിരിക്കും – 30:55).

പരലോക വിശ്വാസികളിൽ തന്നെ അധികമാളുകളും ഉയിർത്തെഴുന്നേൽപും വിചാരണയുമൊക്കെ അതിവിദൂരമായ യുഗാന്തരങ്ങൾക്കു ശേഷം നടക്കാനിരിക്കുന്ന സംഗതികളായി കരുതുന്നുണ്ട്. ഈ വിചാരം നിരർഥകമാണെന്നുകൂടി ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. മരണത്തോടുകൂടി 'കാലം' എന്ന പ്രതിഭാസം അപ്രത്യക്ഷമാകും. അൽപം മുമ്പ് ഉറങ്ങാൻ കിടന്നിടത്തുനിന്ന് ഉണർന്നെഴുന്നേറ്റ അനുഭവമാണ് പുനർജീവിപ്പിക്കപ്പെട്ടവർക്ക് ഉണ്ടാവുക. ഇഹലോകത്ത് നൂറ്റാണ്ടുകൾ ജീവിച്ചിരുന്നവർക്കും ഒരു നാഴികനേരം അല്ലെങ്കിൽ ഒരു പ്രഭാതം, പ്രദോഷം മാത്രമേ ജീവിച്ചിരുന്നിട്ടുള്ളൂ എന്ന് തോന്നും. അതിനാൽ ഉയിർത്തെഴുന്നേൽപിനെയും വിചാരണയെയുമൊന്നും ഒട്ടും വിദൂരമായി കാണേണ്ടതില്ല. ഇന്ന് മരണ നിദ്രകൊള്ളുന്നവർ നാളെത്തന്നെ അല്ലെങ്കിൽ ഏതാനും നാഴിക മാത്രം പിന്നിട്ടാൽ ഉയിർത്തെഴുന്നേറ്റ് വിചാരണ സഭയിൽ ഹാജരാകേണ്ടിവരും. ജീവിതത്തിനും പുനർജീവിതത്തിനുമിടക്കുള്ള കാലദൈർഘ്യം ജീവിച്ചിരിക്കുമ്പോൾ മാത്രമേ അനുഭവപ്പെടൂ.

يَتَعَارَفُونَ بَيْنَهُمْ (അവർ പരസ്പരം തിരിച്ചറിയുന്നു) എന്ന വാക്കിനെ ചിലയാളുകൾ, لَّمْ يَلْبَثُوٓا۟ إِلَّا سَاعَةً (ഒരു നാഴിക നേരമേ വസിച്ചിട്ടുള്ളൂ) എന്നതിനോട് ബന്ധിച്ചുകൊണ്ട് ആ തുഛകാലത്തിന്റെ വിശേഷണമായാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. അതായത്,

ഭൂമിയിലുണ്ടായിരുന്ന സഹജീവികളെ ഒന്നു പരിചയപ്പെടാൻ മാത്രമുള്ള സമയമേ അവിടെ തങ്ങിയിട്ടുള്ളൂ. എന്നാൽ അധികപണ്ഡിതന്മാരും يَتَعَارَفُونَ بَيْنَهُمْ ഒരു സ്വതന്ത്രവാക്യമായിട്ടാണ് മനസ്സിലാക്കുന്നത്. അവരുടെ വീക്ഷണത്തിൽ താൽപര്യമിതാണ്: പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോൾ അവിശ്വാസികൾ പരസ്പരം തിരിച്ചറിയും അല്ലെങ്കിൽ പരിചയപ്പെടും. പക്ഷേ, ആ ദിനത്തിന്റെ ഭീകരതമൂലം പിന്നീടവർക്കിടയിൽ ബന്ധം മുറിഞ്ഞുപോകും. സജ്ജനങ്ങൾ സജ്ജനങ്ങളെയും ദുർജനങ്ങൾ ദുർജനങ്ങളെയും തിരിച്ചറിയുമെന്നാണ് താൽപര്യമെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. സജ്ജനങ്ങൾ തമ്മിലുള്ള തിരിച്ചറിവ് അവരിൽ സന്തോഷവും സ്നേഹവുമുളവാക്കുമ്പോൾ ദുർജനങ്ങൾ തമ്മിലുള്ള തിരിച്ചറിവ് അവരിൽ പരസ്പരം വെറുപ്പും വിദ്വേഷവുമാണ് ഉളവാക്കുക.

قَدْ خَسِرَ ٱلَّذِينَ....... എന്നു തുടങ്ങുന്ന വാക്യം, അന്ത്യനാളിൽ പരസ്പരം തിരിച്ചറിഞ്ഞ സത്യനിഷേധികളെക്കുറിച്ചുള്ള അല്ലാഹുവിന്റ വിധി പ്രസ്താവമാണ്. അത് സത്യനിഷേധികളുടെ വിലാപം ഉദ്ധരിച്ചതാവാം എന്നും അഭിപ്രായമുണ്ട്.

ഈ ലോകത്തിന് ഒരവസാനമുണ്ടെന്നും അനന്തരം മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും അവരുടെ ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കാൻ അല്ലാഹുവിന്റെ മുന്നിൽ ഹാജരാക്കപ്പെടുകയും ചെയ്യുമെന്നും, അവിടെവെച്ച് സത്യനിഷേധികൾക്കും അധർമകാരികൾക്കും നരകശിക്ഷ വിധിക്കപ്പെടുമെന്നും ഉള്ള പ്രവാചകന്റെ മുന്നറിയിപ്പുകളെ പുഛത്തോടെ തള്ളിക്കളയുകയും, ഞങ്ങൾ എത്രയോ കാലമായല്ലോ ഈ മട്ടിൽ ജീവിച്ചു വരുന്നു, നീ പറയുന്ന ലോകാവസാനവും ഉയിർത്തെഴുന്നേൽപും വിചാരണയുമൊക്കെ സത്യമാണെങ്കിൽ അതൊരു യാഥാർഥ്യമാക്കി കാണിച്ചാട്ടെ എന്നു വെല്ലുവിളിക്കുകയും (അടുത്ത 48-ാം സൂക്തത്തിൽ ഈ വെല്ലുവിളി ഉദ്ധരിക്കുന്നുണ്ട്) ചെയ്യുന്ന അവിശ്വാസികളെ കുറിച്ചാണീ സൂക്തം സംസാരിക്കുന്നത്. അവർ നിഷേധിക്കുന്ന ഉയിർത്തെഴുന്നേൽപു സംഭവിക്കുമ്പോൾ, വളരെ കാലം ജീവിച്ചു എന്ന് ഇപ്പോൾ ഊറ്റം കൊള്ളുന്ന ഭൗതിക ജീവിതത്തെക്കുറിച്ചു തോന്നുക, ഒരു പകലിന്റെ ഒരു നാഴിക അല്ലെങ്കിൽ ഒരു പ്രഭാതമോ സന്ധ്യാനേരമോ മാത്രമേ തങ്ങൾ ഭൗതികലോകത്ത് വസിച്ചിട്ടുള്ളൂ എന്നാണ്. എങ്കിലും ഈ ലോകത്ത് ശത്രുക്കളായിരുന്നവർ രക്ഷിക്കപ്പെട്ട് സ്വർഗസ്ഥരാകുന്നത് കണ്ട് അവർ വിരൽ കടിക്കും. മിത്രങ്ങളായിരുന്നവരെകൊണ്ടാവട്ടെ യാതൊരുപകാരവും ലഭിക്കുകയുമില്ല. ഇഹലോകത്ത് പലപല ക്ഷുദ്ര ലാഭങ്ങൾക്കുംവേണ്ടി പരലോകത്തെ തള്ളിപ്പറഞ്ഞതുവഴി, തങ്ങൾ യഥാർഥത്തിൽ ക്ഷണികമായ ഭൗതിക ജീവിതത്തിനുവേണ്ടി ശാശ്വതമായ പാരത്രിക ജീവിതത്തെ വിൽക്കുക എന്ന മഹാനഷ്ടക്കച്ചവടമാണ് നടത്തിയതെന്നും ഭൗതിക ജീവിതത്തിൽ തങ്ങൾ ഒരിക്കലും സന്മാർഗം പ്രാപിച്ചവരായിരുന്നില്ല എന്നും അപ്പോൾ അവർക്ക് ബോധ്യമാകും.

**46:** ഈ സൂക്തം സംബോധന ചെയ്യുന്നത് പ്രവാചകനെയാണ്. പ്രവാചകന്മാരെ നിഷേധിക്കുകയും അധർമത്തിന്റെയും അക്രമത്തിന്റെയും ഉച്ചിയിലെത്തുകയും ചെയ്യുന്ന സമൂഹങ്ങളെ ദൈവം ഉന്മൂലനം ചെയ്യുമെന്നും, എന്നോടുള്ള നിഷേധവും ദൈവധിക്കാരവും തുടരുന്നപക്ഷം നിങ്ങൾക്കും ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടാനാവില്ലെന്നും താക്കീതു ചെയ്യുമ്പോൾ മക്കയിലെ നിഷേധികൾ അതിനെയും പരിഹസിച്ചു തള്ളുകയായിരുന്നു. പ്രവാചകൻ പെട്ടെന്നങ്ങ് മരിച്ചുപോയെങ്കിൽ എന്നവർ ആഗ്രഹിക്കുകയും ചെയ്തിരുന്നു. എങ്കിൽ അതോടെ കഴിയുമല്ലോ ഇസ്‌ലാമിന്റെ കഥ എന്നായിരുന്നു വിചാരം. അതെക്കുറിച്ച് അല്ലാഹു പറയുകയാണ്: ആരെ എപ്പോൾ ശിക്ഷിക്കണമെന്ന് തീരുമാനിക്കുന്നത് അല്ലാഹുവാണ്. അവിശ്വാസികൾ ആവശ്യപ്പെടുന്നതനുസരിച്ചല്ല അവൻ കാര്യങ്ങൾ തീരുമാനിക്കുന്നത്. പ്രവാചകാ, താങ്കൾക്ക് അതിൽ ഒരു പങ്കുമില്ല. അല്ലാഹു അവരെ താക്കീതു ചെയ്യുന്ന ശിക്ഷാ നടപടികളിൽ ചിലത് താങ്കളുടെ ജീവിതകാലത്തുതന്നെ യാഥാർഥ്യമായി പുലരുന്നതു കാണാം. ചിലത് ഈ ലോകത്തു പുലർന്നുകണ്ടില്ലെങ്കിൽ ആ താക്കീതുകളെല്ലാം പാഴ്‌വാക്കുകളായിരുന്നു എന്ന് വിചാരിക്കേണ്ട. അവർ വ്യാമോഹിക്കുന്നതുപോലെ മരിച്ചു മണ്ണാകുന്നതോടെ ആരും ഇല്ലാതായിപ്പോകുന്നില്ല. എല്ലാവരും സ്രഷ്ടാവായ അല്ലാഹുവിലേക്കു മടങ്ങുകയാണ്. അല്ലാഹുവാകട്ടെ അവർ ചെയ്യുന്നതൊക്കെ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവന്റെ സന്നിധിയിലെത്തുമ്പോൾ അവരുടെ ചെയ്തികൾക്കെല്ലാം അർഹിക്കുന്ന ശിക്ഷ ലഭിക്കുക തന്നെ ചെയ്യും.

പ്രവാചകന്റെ ജീവിതകാലത്തു പുലരുമെന്ന് സൂചിപ്പിക്കപ്പെട്ട ശിക്ഷകളുടെ കൂട്ടത്തിൽ പെട്ടതാണ് ബദ്ർ മുതൽ ഹുനൈൻ വരെയുള്ള യുദ്ധങ്ങളിൽ സത്യനിഷേധികൾക്കേറ്റ പരാജയങ്ങളും, ഇടക്കാലത്ത് മക്കാവാസികൾ അനുഭവിക്കേണ്ടി വന്ന കടുത്ത വരൾച്ചയും ക്ഷാമവും. താക്കീതു ചെയ്യപ്പെട്ട ചില ശിക്ഷകൾ നടപ്പിലാക്കുന്നത് കുറ്റവാളികളുടെ മരണാനന്തര ജീവിതത്തിലേക്കു നീട്ടിവെച്ചത്, പിൽക്കാലത്ത് ഇസ്‌ലാമിക തത്ത്വങ്ങളോടും ധർമങ്ങളോടുമുള്ള ആ സമൂഹത്തിന്റെ പൊതു നിലപാടിൽ മാറ്റംവന്നതുകൊണ്ടാവാം. അവരിൽ ഏറെപ്പേരും പ്രവാചക സന്ദേശം സ്വീകരിക്കുകയും അതിന്റെ അനുയായികളായി മാറുകയും ചെയ്തു. അങ്ങനെ സമൂഹത്തെ പൊതുവിൽ ബാധിക്കുന്ന ശിക്ഷകൾ അപ്രസക്തമായി. എങ്കിലും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കില്ല. ഇക്കാര്യം സൂറ *അർറഅ്ദ്* 40-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്:

وَإِن مَّا نُرِيَنَّكَ بَعْضَ ٱلَّذِى نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ ٱلْبَلَـٰغُ وَعَلَيْنَا ٱلْحِسَابُ ﴿٤٠﴾

(പ്രവാചകാ, നാം ഈ ജനത്തെ താക്കീതു ചെയ്യുന്ന ചില ശിക്ഷകൾ നീ ജീവിച്ചിരിക്കെത്തന്നെ കാണിച്ചുതന്നേക്കാം. അല്ലെങ്കിൽ അതിനുമുമ്പ് നാം നിന്റെ ജീവിതം പൂർത്തിയാക്കിയെന്നുംവരാം. നിന്റെ ദൗത്യം സന്ദേശം എത്തിച്ചുകൊടുക്കുക മാത്രമാകുന്നു. വിചാരണ ചെയ്യുക നമ്മുടെ ചുമതലയാകുന്നു).

പ്രകൃതസൂക്തത്തിലെ ثُمَّ(പിന്നെ) എന്ന പദം അർഥമാക്കുന്നത്, അവർ അല്ലാഹുവിലേക്ക് മടക്കപ്പെട്ടശേഷം അവരുടെ കർമങ്ങൾക്ക് അവൻ സാക്ഷിയാകുന്നു എന്നാവണമെന്നില്ല. അഥവാ അങ്ങനെയാണെങ്കിൽ ഉദ്ദേശ്യം വിചാരണ വേളയിൽ അവർക്കെതിരെ അല്ലാഹു തന്നെ സാക്ഷിയായിരിക്കും എന്നാണ്. അല്ലാഹു അവർ ചെയ്യുന്നതൊക്കെയും നന്നായറിയുന്നുണ്ട്" -إِنَّ ٱللَّهَ عَلِيمٌۢ بِمَا يَفْعَلُونَ - എന്ന് 36-ാം സൂക്തത്തിലും "നിന്റെ നാഥൻ നാശകാരികളെക്കുറിച്ച് ഏറ്റം അറിയുന്നു" -وَرَبُّكَ أَعْلَمُ بِٱلْمُفْسِدِينَ - എന്ന് 40-ാം സൂക്തത്തിലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. ثُمَّ കൊണ്ട് ഉദ്ദേശ്യം 'പ്രവാചകനു ശേഷം' എന്നും ആകാവുന്നതാണ്. 'അതിനു പുറമെ' എന്നുമാകാം ثُمَّയുടെ ഉദ്ദേശ്യം. അവർ അല്ലാഹുവിലേക്ക് മടക്കപ്പെടും എന്നതിനു പുറമെ അതുവരെയുള്ള അവരുടെ പ്രവർത്തനങ്ങളെല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുകയുമാണ്. അതിനാൽ അവൻ താക്കീതു ചെയ്ത ശിക്ഷകളിൽനിന്നു രക്ഷപ്പെടാമെന്ന് ആരും വ്യാമോഹിക്കേണ്ട എന്നു താൽപര്യം. ■